**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം കോർപ്പറേഷനിൽ എൽ.ഡി.ക്ലർക്കായ ശ്രീ. കെസ്സി എച്ച്.ആർ - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2561/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.10.2018

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 28.07.2018 തിയതിയിലെ ഇ 7-9962/2018(1) നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 28.07.2018 തിയതിയിലെ ഇ 7-9962/18(2) നമ്പർ കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ 20.06.2005 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. കെസ്സി എച്ച്.ആർ ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 14.08.2014 തീയതിയിലാണ് വിജയിച്ചിട്ടുള്ളതെന്നതിനാൽ ടിയാന്റെ പ്രൊബേഷൻ 15.08.2014 തീയതിയിൽ പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക രീതിയിൽ പ്രൊബേഷൻ കാലയളവ് 16.08.2014 വരെ ദീർഘിപ്പിച്ചുനൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 2 കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. ടിയാന്റെ ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് ടിയാൻ എൽ.ഡി.ക്ലർക്ക് തസ്തികയിൽ 2 വർഷ സേവനം പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (19.06.2008 വരെ) പരാമർശം 1 പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ച ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിൽ 20.06.2005 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. കെസ്സി എച്ച്.ആർ 14.08.2014 തീയതിയിൽ നടന്ന എം.ഒ.പി. പരീക്ഷ വിജയിച്ചാണ് ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ യോഗ്യത നേടിയത് എന്നതിനാൽ ടിയാളുടെ പ്രൊബേഷൻ 15.08.2014 പൂർവ്വാഹത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക വിധത്തിൽ പ്രൊബേഷൻകാലം നിയമനാധികാരി ദീർഘിപ്പിച്ച നൽകിയ തീയതിയുടെ തൊട്ടടുത്ത

ദിവസമായ 20.06.2008 മുതൽ 16.08.2014 വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എ സ്.മോഹൻദാ സ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. കെസ്സി എച്ച്.ആർ, എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ , തിരുവനന്തപുരം നഗരസഭ

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ